# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3136 | 15.02.2013 ൽ – മറുപടിക്ക്

## മാവേലി സ്റ്റോറുകളും റേഷൻകടകളും വഴി സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങളുടെ വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് അരിക്കും, മറ്റ് ഭക്ഷ്യ വസ്തുക്കൾക്കും അതിരൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ ; | (എ) | ഭക്ഷ്യ വസ്തുക്കളുടെ വില നേരിയ തോതിൽ ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ മാവേലിസ്റ്റോറുകൾ വഴി സബ്സിഡി നിരക്കിൽ കാര്യമായി ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | മാവേലി സ്റ്റോറുകളിലൂടെയും റേഷൻ കടകളിലൂടെയും അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) യും, (ഡി) യും | പൊതുവിപണിയിലെ വില വർദ്ധന തടയുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എല്ലാ ചില്ലറ വിൽപന കേന്ദ്രങ്ങളിലൂടെയും 13 ഇനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. സാധാരണ മാസങ്ങളിൽ പ്രതിമാസം ഓരോ കിലോ വീതവും ഉത്സവകാല ങ്ങളിൽ രണ്ടു കിലോ വീതവും റേഷൻകാർഡിന്റെ യടിസ്ഥാനത്തിൽ വിതരണം നടത്തുന്നുണ്ട്. ഇതിനുപുറമേ സബ്സിഡി നിരക്കിൽ മട്ട, പച്ചരി, കുറുവ, ജയ എന്നീ തരം അരി പ്രതിമാസം 20 കി.ലോ വീതവും, ഒ.എം. എസ്.എസ്. പ്രകാരം 19.50 രൂപ നിരക്കിൽ പുഴുക്കലരിയും 21/- രൂപ നിരക്കിൽ പച്ചരിയും 25 കിലോഗ്രാം വരെ സപ്ലൈകോയുടെ എല്ലാ വിൽപന കേന്ദ്രങ്ങളിലും വിതരണം ചെയ്തുവരുന്നുണ്ട്.<br>റേഷൻകടകൾ വഴി എ.പി.എൽ. കാർഡുകാർക്ക് 8.90/-രൂപ നിരക്കിൽ 10 കിലോഗ്രാം അരിയും 6.70/- രൂപ നിരക്കിൽ 3 കിലോഗ്രാം ഗോതമ്പും എ.പി.എൽ. സബ്സിഡി കാർഡുകാർക്ക് 2/- രൂപ നിരക്കിൽ 9 കിലോഗ്രാം അരിയും 2/- രൂപ നിരക്കിൽ 3 കിലോഗ്രാം ഗോതമ്പും, ബി.പി.എൽ. കാർഡുകാർക്ക് 1/- രൂപ |
| (ഡി) | എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | | |

നിരക്കിൽ 25 കിലോഗ്രാം അരിയും 2/- രൂപ നിരക്കിൽ 10 കിലോഗ്രാം ഗോതമ്പും, എ.എ.വൈ. കാർഡു കാർക്ക് 1/- രൂപ നിരക്കിൽ 35 കിലോഗ്രാം അരിയും വിതരണം ചെയ്യുന്നുണ്ട്. അന്നപൂർണ്ണ ഗുണഭോക്താക്കൾക്ക് 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നുണ്ട്.

ഇതിനുപുറമേ ഒ.എം.എസ്.എസ്. പദ്ധതിപ്രകാരം എ.പി.എൽ. വിഭാഗക്കാർക്ക് 10 കിലോഗ്രാം അരി നൽകുന്നുണ്ട്. ഇതിന് ഈടാക്കുന്ന വില പുഴുക്കലരിയ്ക്ക് 19.50 രൂപയും പച്ചരിയ്ക്ക് 20.50 രൂപയുമാണ്.

ബി.പി.എൽ. വിഭാഗത്തിലെ കാർഡുടമ കൾക്ക് വിതരണത്തിനായി ലഭിച്ച ഇടക്കാല അലോട്ട്മെന്റ് ഉപയോഗിച്ച് ബി.പി.എൽ. കാർഡുകാർക്ക് 6.20/- രൂപ നിരക്കിൽ 5 കിലോഗ്രാം അരിയും, 4.70/- രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും നൽകുന്നു. ബി.പി.എൽ. പട്ടികയിൽ പേര് ഉൾപ്പെടു കയും എന്നാൽ നിലവിൽ എ.പി.എൽ. കാർഡുടമയായിത്തന്നെ തുടരുകയും ചെയ്യു ന്ന കാർഡുകാർക്ക് ഇതിനായി നിശ്ചയിച്ചി ട്ടുള്ള രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് 6.20/- രൂപ നിരക്കിൽ 19 കിലോ അരിയും 4.70/- രൂപ നിരക്കിൽ 6 കിലോ ഗോതമ്പും വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ